# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

**തിരുവനന്തപുരം – 695 033**

നമ്പർ: 7477/ഇ/2010/സംതിക തീയതി : 01.12.2010

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ/ചെയർമാൻ എന്നീ സ്ഥാനങ്ങളിലുണ്ടാകുന്ന ആകസ്മിക ഒഴിവുകളുടെ വിവരം അറിയിക്കുന്നതും തിരഞ്ഞെടുപ്പ് നടത്തുന്നതും സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

*****************

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, ചെയർമാൻ എന്നീ സ്ഥാനങ്ങളിലുണ്ടാകുന്ന ആകസ്മിക ഒഴിവുകളുടെ വിവരം (**അനുബന്ധംI**) ബന്ധപ്പെട്ട സെക്രട്ടറി ഉടൻതന്നെ വരണാധികാരിയെ തുടർനടപടികൾക്കായി അറിയിക്കേണ്ടതും വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനേയും മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ കാര്യത്തിൽ മുനിസിപ്പൽ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എന്നിവയുടെ കാര്യത്തിൽ ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എന്നിവരെയും അറിയിക്കേണ്ടതുമാണ്.

*ഒഴിവ് നികത്തുന്നതിനുള്ള തിരഞ്ഞെടുപ്പ് നടപടികൾ യഥാസമയം വരണാധികാരി സ്വീകരിച്ചിട്ടുണ്ടെന്ന് അതത് റീജിയണൽ ജോയിന്റ് ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എന്നിവർ ഉറപ്പുവരുത്തേണ്ടതാണ്.*

ഇപ്രകാരം ഒഴിവ് സംബന്ധിച്ച അറിയിപ്പ് ലഭിച്ച ഉടനെ വരണാധികാരി ആകസ്മിക ഒഴിവുണ്ടായ തീയതി മുതൽ 15 ദിവസത്തിനകം സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന്റേയും 30 ദിവസത്തിനകം സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെയും സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് സ്റ്റാന്റിംഗ് കമ്മിറ്റി ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ച് കമ്മീഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട അംഗങ്ങൾക്ക് യഥാവിധി നോട്ടീസ് (**മാതൃക അനുബന്ധംII**) നൽകി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും തിരഞ്ഞെടുപ്പ് പൂർത്തിയായാൽ ഉടൻ ഇത് സംബന്ധിച്ച റിപ്പോർട്ട് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്കും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനും നൽകേണ്ടതുമാണ്. തിരഞ്ഞെടുപ്പ് തീയതി വരണാധികാരിക്ക് തന്നെ നിശ്ചയിക്കാവുന്നതാണ്.

**(ഒപ്പ്)**
**പി. കമാൽകുട്ടി**
**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

കോർപ്പറേഷൻ ഓഫീസ് സമുച്ചയം, എൽ.എം.എസ്. ജംഗ്ഷൻ, തിരുവനന്തപുരം 695 033, ഫോൺ – 2325048, 2337884
Fax : 0471-2338288, email : electionker@sify.com, Website : www.electionker.org

**അനുബന്ധം I**

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാന്റിംഗ് കമ്മിറ്റി അംഗം/ചെയർമാൻ എന്നീ സ്ഥാനങ്ങളിലുള്ള ആകസ്മിക ഒഴിവ് സംബന്ധിച്ച് വരണാധികാരിക്ക് നൽകുന്ന വിവരം

1. ജില്ലയുടെ പേര് :
2. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നമ്പരും പേരും :
3. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പേര് :
4. അംഗത്തിന്റെ/ചെയർമാന്റെ സ്ഥാനത്താണോ ഒഴിവുണ്ടായിട്ടുള്ളത് :
5. സ്ഥാനം വഹിച്ചിരുന്ന ആളിന്റെ പേര് :
6. ഒഴിവ് ഉണ്ടാകാനുള്ള കാരണം :
7. ആകസ്മിക ഒഴിവ് ഉണ്ടായ തീയതി :
8. സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ അല്ലെങ്കിൽ ചെയർമാന്റെ സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടതാണെങ്കിൽ വിശദ വിവരം :

സെക്രട്ടറിയുടെ ഒപ്പ്
................................................ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്
മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

സ്ഥലം :

തീയതി :

*കുറിപ്പ്:- ആകസ്മിക ഒഴിവ് ഉണ്ടായിട്ടുള്ള വിവരം അതത് ദിവസം തന്നെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി, വരണാധികാരിയേയും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനേയും കൂടാതെ മുനിസിപ്പാലിറ്റി/കോർപ്പറേഷന്റെ കാര്യത്തിൽ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഗ്രാമപഞ്ചായത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ബ്ലോക്ക്/ജില്ലാ പഞ്ചായത്ത് എന്നിവയുടെ കാര്യത്തിൽ ഡെപ്യൂട്ടി കളക്ടർ (ഇലക്ഷൻ) എന്നിവരെയും അറിയിക്കേണ്ടതാണ്.*

**അനുബന്ധം II**

# <u>നോട്ടീസ്</u>

വിഷയം:- ................................................... *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പല്‍ കോര്‍പ്പറേഷന്‍ .......................................... സ്റ്റാന്റിംഗ് കമ്മിറ്റി അംഗത്തിന്റെ/അംഗങ്ങളുടെ/ചെയര്‍മാന്‍ സ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പ് സംബന്ധിച്ച്.

സൂചന:- ................................................... *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/മുനിസിപ്പല്‍ കോര്‍പ്പറേഷന്‍ സെക്രട്ടറിയുടെ ....................... തീയതിയിലെ ആകസ്മിക ഒഴിവ് സംബന്ധിച്ച റിപ്പോര്‍ട്ട്.

സൂചന പ്രകാരം ......................................................... *ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി/മുനിസിപ്പല്‍ കോര്‍പ്പറേഷന്‍ .................................. സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗത്തിന്റെ/അംഗങ്ങളുടെ/ചെയര്‍മാന്‍ സ്ഥാനത്ത് ഉണ്ടായിട്ടുള്ള ഒഴിവ് റിപ്പോര്‍ട്ട് ചെയ്തിട്ടുണ്ട്. ഈ സ്ഥാനം *സ്ത്രീ/ജനറല്‍ വിഭാഗത്തില്‍ ഉള്‍പ്പെടുന്നതാണ്. പ്രസ്തുത സ്ഥാനത്തേക്കുള്ള/സ്ഥാനങ്ങളിലേക്കുള്ള ഒഴിവ് നികത്തുന്നതിനുള്ള തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള ഒരു യോഗം 2010 ....................... മാസം ........... തീയതി ........... മണിക്ക് ......................................... *പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോര്‍പ്പറേഷന്‍ കോണ്‍ഫറന്‍സ് ഹാളില്‍ കൂടുന്നതിന് നിശ്ചയിച്ചിട്ടുള്ളതിനാല്‍ താങ്കള്‍ പ്രസ്തുത യോഗത്തില്‍ കൃത്യസമയത്ത് പങ്കെടുക്കേണ്ടതാണ്. താങ്കള്‍ പ്രസ്തുത സ്ഥാനത്തേക്ക് മത്സരിക്കാന്‍ ഉദ്ദേശിക്കുന്നുവെങ്കില്‍ നാമനിര്‍ദ്ദേശപത്രിക ........... തീയതി ......... മണിക്ക് മുമ്പായി വരണാധികാരിക്ക് സമര്‍പ്പിക്കേണ്ടതാണ്.

വരണാധികാരി :

പേര്, ഒപ്പ് :

സ്ഥാനപേര് :

*കുറിപ്പ്:-*

1. *ചെയര്‍മാന്‍ സ്ഥാനത്തേക്ക് തിരഞ്ഞെടുപ്പ് നടത്തുമ്പോള്‍ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയിലെ അംഗങ്ങള്‍ക്ക് മാത്രം നോട്ടീസ് നല്‍കേണ്ടതാണ്. എന്നാല്‍ അംഗങ്ങളുടെ തിരഞ്ഞെടുപ്പിനായി എല്ലാ അംഗങ്ങള്‍ക്കും നോട്ടീസ് നല്‍കണം.*
2. *യോഗം ആരംഭിക്കുന്നതിന് മുമ്പുവരെ നാമനിര്‍ദ്ദേശ പത്രിക സമര്‍പ്പിക്കുന്നതിനുള്ള സമയം അനുവദിക്കാവുന്നതാണ്.*

** ബാധകമല്ലാത്തത് വെട്ടികളയുക*